**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 398** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് അറുപത് ശതമാനമെങ്കിലും ആയി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്തണ മെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അധികപഠന സൗകര്യം, സീറ്റുവർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവ നടപ്പാക്കുന്ന തിലൂടെ ഇത് നേടുവാനാണ് സർക്കാർ ആലോചിക്കുന്നത്. സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര, ബിരുദ പ്രോഗ്രാമുകളിൽ 2021-22 അദ്ധ്യയന വർഷം സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും വിവിധ സർവ്വകലാശാലകളിലും 2020-21 അക്കാദമിക വർഷം New Generation Inter Disciplinary സ്വഭാവമുള്ള കോഴ്സുകളടക്കം നിരവധി കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ കോളേജുകളിൽ അധ്യാപക നിയമനം പി.എസ്.സി മുഖേനയാണ് നടത്തിവരുന്നത്. 30/12/2020 ലെ സ.ഉ.(കൈ) നം. 471/2020/ഉ.വി.വ പ്രകാരം 721 പുതിയ അദ്ധ്യാപക തസ്തികകൾ ഗവൺമെന്റ്/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ